# THE KERALA OFFICIAL LANGUAGE (LEGISLATION) ACT, 1969

(Act 7 of 1969)

An Act to adopt the regional language for use in Bills, Acts, Ordinances and Subordinate Legislation in pursuance of Article 345 of the Constitution.

*Preamble:*—WHEREAS, it is expedient to provide for the adoption of Malayalam as a language to be used in Bills introduced in, or Acts passed by the Legislature of the State of Kerala or in Ordinances promulgated by the Governor or in Subordinate legislation :—

BE it enacted in the Nineteenth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Official Language (Legislation) Act, 1969.

(2) It shall come into force at once.

2. *Language to be used in Bills, etc.*—The language to be used in—

(1) Bills to be introduced or amendment there to be moved in the Legislative Assembly of the State of Kerala;

(2) Acts passed by the Legislature of the State of Kerala;

(3) Ordinances promulgated by the Governor under article 213 of the Constitution; and

(4) Orders, Rules, Regulations and Bye-laws issued by the Government under the constitution or under any law made by Parliament or the Legislature of the State of Kerala;

shall be Malayalam or English.

# THE KERALA OFFICIAL LANGUAGE (LEGISLATION) AMENDMENT ACT, 1973

(Act 15 of 1973)

An Act to amend the Kerala Official Language (Legislation) Act, 1969.

*Preamble:*—WHEREAS it is expedient to amend the Kerala Official Language (Legislation) Act, 1969, for the purposes hereinafter appearing;

Be it enacted in the Twenty-fourth Year of the Republic of India as follows:—

1. *Short title.*—This Act may be called the Kerala Official Language (Legislation) Amendment Act, 1973.

2. *Amendment of long title.*—For the long title to the Kerala Official Language (Legislation) Act, 1969 (7 of 1969) (hereinafter referred to as the Principal Act), the following shall be substituted, namely:—

"An Act to provide for the adoption of Malayalam and English as the Languages to be used for the Official purposes of the State of Kerala."

3. *Amendment of Preamble.*—For the preamble to the Principal Act, the following shall be substituted, namely:—

"Whereas it is expedient to provide for the adoption of Malayalam and English as the languages to be used for the Official purposes of the State of Kerala and to provide for the adoption of Malayalam also as a language to be used in Bills introduced in or Acts passed by the Legislature of the State of Kerala or in Ordinances promulgated by the Governor or in subordinate legislation".

4. *Amendment of Section* 1.—For sub-section (2) of section 1 of the principal Act, the following sub-section shall be substituted, namely:—

"This Act may be called the Kerala Official Languages Act, 1969".

5. *Insertion of new sections 1A, 1B and 1C.*—After section 1 of the Principal Act, the following sections shall be inserted, namely:—

"*1A. Malayalam and English to be the official languages of the States.*—Without prejudice to the provisions of articles 346 and 347 of the Constitution Malayalam and English shall be the languages to be used for all or any of the official purposes of the State.

*1B. Government power to notify the official purposes for which Malayalam or English to be used.*—The Government may, by notification issued from time to time, direct that Malayalam or English shall be used in respect of such official purposes as may be specified in the notification.

*1C. Notification issued under Section 1B to be placed before the Legislative Assembly.*—Every notification issued under section 1B shall be laid, as soon as may be after it is issued, before the Legislative Assembly, while it is in session for a total period of fourteen days which may be comprised in one session, or in two successive sessions and if, before the expiry of the session in

which it is so laid or the session immediately following, the Legislative Assembly makes any modification in the notification or decides that the notification should not be issued, the notification shall thereafter have effect only in such modified form or be of no effect, as the case may be so however, that any such modification or annulment shall be without prejudice to the validity of anything previously done under that notification".

6. *Insertion of new Section* 3.—After section 2 of the principal Act, the following section shall be inserted, namely:—

"3. *Special provisions in respect of linguistic minorities.*— Notwithstanding anything contained in this Act, the following special provisions shall apply in respect of linguistic minorities in the State, namely:—

(a) The Tamil and Kannada minority people in the State may use their respective languages for their correspondence with the State Government in the Secretariat and the Heads of Departments and also with all the local officers of the State Government situated in those areas which are declared by the Government to be linguistic minority was for the purpose and the replies sent in such cases shall also be in their respective minority languages.

(b) The linguistic minorities other than Tamil and Kannada in the State may use the English language for their correspondence with the State Government offices and in such cases the replies sent to them shall be in the English language."

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ (1973-ൽ ഭേദഗതി ചെയ്തതും കൂടി ചേർത്ത്) ആക്ട്:—കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ മലയാളവും ഇംഗ്ലീഷും ഭാഷകൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനു വേണ്ടിയുള്ള ആക്ട്.

പീഠിക:—കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ മലയാളവും ഇംഗ്ലീഷും ഭാഷകൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാനും കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന ബില്ലുകളിലോ നിയമസഭ പാസ്സാക്കുന്ന ആക്ടുകളിലോ, ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലോ ഉപനിയമനിർമ്മാണത്തിലോ മലയാളം ഒരു ഭാഷയായി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കയാൽ,

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ടിന് 1969-ലെ കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

1 (എ) മലയാളവും ഇംഗ്ലീഷും സംസ്ഥാനത്തെ ഔദ്യോഗിക ഭാഷകളാകണമെന്ന് :— ഭരണഘടന 346-ം 347-ം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് ദൂഷ്യം തട്ടാത്ത വിധത്തിൽ, സംസ്ഥാനത്തെ ഏതെങ്കിലും ഔദ്യോഗികാവശ്യത്തിനോ അഥവാ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കോ ഉപയോഗിക്കേണ്ട ഭാഷകൾ മലയാളവും ഇംഗ്ലീഷും ആയിരിക്കേണ്ടതാണ്.

1 (ബി) ഏതെല്ലാം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ അഥവാ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് പരസ്യപ്പെടുത്താനുള്ള ഗവൺമെന്റിന്റെ അധികാരം:— ഗവൺമെന്റിന് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരസ്യംമൂലം പരസ്യത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന ഔദ്യോഗികാവശ്യങ്ങളെ സംബന്ധിച്ച് മലയാളമോ അഥവാ ഇംഗ്ലീഷോ ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

1 (സി) 1 ബി എന്ന വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന പരസ്യം നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്. —1 ബി എന്ന വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു പരസ്യവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം നിയമസഭായോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ—ആകെ പതിനാല് ദിവസത്തേക്ക് അങ്ങനെയുള്ള കാലം ഒരേ സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം— വയ്ക്കേണ്ടതും അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ, അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പരസ്യത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ പരസ്യം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്താൽ, പരസ്യത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെ ഏതെങ്കിലും വിധത്തിൽ ഭേദഗതി വരുത്തുകയോ ചെയ്യുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നത് ആ പരസ്യപ്രകാരം നേരത്തേ ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്തവിധത്തിലായിരിക്കേണ്ടതുമാണ്.

2. ബില്ലുകളിലും മറ്റും ഉപയോഗിക്കേണ്ട ഭാഷ:—(1) കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന ബില്ലുകളിലോ അവയ്ക്കുള്ള ഭേദഗതിയിലോ, അതിലും,

(2) കേരള സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ആക്ടുകളിലും,

(3) ഭരണഘടനയുടെ 213-ാം വകുപ്പുപ്രകാരം ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലും,

(4) ഭരണഘടനപ്രകാരമോ, പാർലമെന്റോ അഥവാ കേരള സംസ്ഥാന നിയമസഭയോ ഉണ്ടാക്കിയ ഏതെങ്കിലും നിയമപ്രകാരമോ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും ചട്ടങ്ങളിലും റഗുലേഷനുകളിലും ഉപനിയമങ്ങളിലും ഉപയോഗിക്കേണ്ട ഭാഷ മലയാളമോ ഇംഗ്ലീഷോ ആയിരിക്കേണ്ടതാണ്.

3. ഭാഷാന്യൂനപക്ഷക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ:—ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷക്കാർക്ക് താഴപ്പറയുന്ന പ്രത്യേക വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ തമിഴരും കർണ്ണാടകക്കാരുമായ ഭാഷാന്യൂനപക്ഷക്കാർ, സെക്രട്ടേറിയറ്റിൽ സംസ്ഥാന ഗവൺമെന്റുമായും വകുപ്പദ്ധ്യക്ഷൻമാരുമായും, ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളെന്ന്, ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ പ്രാദേശിക ആഫീസുകളുമായുള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകൾ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അവരവരുടെ ന്യൂനപക്ഷ ഭാഷകളിൽ തന്നെയായിരിക്കേണ്ടതുമാണ്.

(ബി) തമിഴരും കർണ്ണാടകക്കാരുമല്ലാതെയുള്ള സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷക്കാർ സംസ്ഥാന ഗവൺമെന്റ് ഓഫീസുകളുമായി കത്തിടപാടുകൾ നടത്തുന്നതിന് ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അവർക്ക് അയയ്ക്കുന്ന മറുപടികൾ ഇംഗ്ലീഷുഭാഷയിലായിരിക്കേണ്ടതുമാണ്.